## എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയെഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മാസ്ക് വിതരണം ചെയ്ത് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ

കോവിഡ് 19 പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ അര ലക്ഷത്തിലേറെ വരുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കു മുമ്പു തന്നെ മാസ്ക് വിതരണം ചെയ്ത് കുടുംബശ്രീ ജില്ലാ മിഷൻ. സമഗ്ര ശിക്ഷ കേരള നൽകിയ മാസ്കുകൾ വിദ്യാർത്ഥികൾക്ക് അവരുടെ വീടുകളിൽ നേരിട്ടെത്തിച്ചു കൊണ്ടാണ് കുടുംബശ്രീ വീണ്ടും മറ്റൊരു മാതൃകാ പ്രവർത്തനം കൂടി കാഴ്ച വച്ചത്. പുനരുപയോഗം സാധ്യമാകുന്ന കോട്ടൺ മാസ്കുകളാണ് കുട്ടികൾക്ക് വിതരണം ചെയ്തത്. തദ്ദേശ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെയായിരുന്നു ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

ജില്ലയിൽ 118 ഹൈസ്കൂളുകളും 158 ഹയർ സെക്കണ്ടറി സ്കൂളുകളും ഉണ്ട്. ഇത്തവണ ആകെ 55237 വിദ്യാർത്ഥികളാണ് പരീക്ഷയെഴുതുന്നത്. കോവിഡ് 19 നുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ എഴുതുന്ന വിദ്യാർത്ഥികൾക്ക് കർശന സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായാണ് മാസ്കുകൾ നേരത്തെ വീട്ടിലെത്തിക്കാനുള്ള സംവിധാനമൊരുക്കിയത്. ഒരു കുട്ടിക്ക് രണ്ട് വീതം എന്ന കണക്കിൽ മാസ്കുകൾ സമഗ്ര ശിക്ഷ കേരള നൽകിയെങ്കിലും രണ്ടു ദിവസങ്ങൾക്കുള്ളിൽ അവ ജില്ലയിലെ 81 സിഡിഎസുകളിലായി കഴിയുന്ന കുട്ടികളുടെ വീടുകളിൽ നേരിട്ടെത്തിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തത് വെല്ലുവിളിയായി. ഈ സാഹചര്യത്തിലാണ് കേരളത്തിലെ ഏതൊരു കുടുംബത്തിലേക്കും ഏറ്റവും കുറഞ്ഞ

സമയത്തിനുള്ളിൽ സന്ദേശങ്ങളെത്തിക്കാൻ സംവിധാനമുള്ള കുടുംബശ്രീയെ മാസ്ക് വിതരണം ഏൽപ്പിച്ചത്. തുടർന്ന് ജില്ലാമിഷന്റെ നേതൃത്വത്തിൽ എഡിഎസ് ഭാരവാഹികളെ ബന്ധപ്പെടുകയും അവർക്ക് വിദ്യാർത്ഥികൾക്കുള്ള മാസ്ക് വിതരണത്തിന്റെ ചുമതല നൽകുകയുമായിരുന്നു.

കുടുംബശ്രീയുടെ കീഴിലുള്ള 2934 കുടുംബശ്രീ അംഗങ്ങളാണ് എഡിഎസുകൾ കേന്ദ്രീകരിച്ചു കൊണ്ട് മാസ്ക് വിതരണം പൂർത്തിയാക്കുന്നതിനായി മുന്നോട്ടു വന്നത്. കോവിഡ് കാലത്ത് ജില്ലയിൽ നിരവധി സേവന മാതൃകകൾ കാഴ്ച വച്ച അയൽക്കൂട്ട വനിതകൾ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള മാസ്ക് വിതരണവും സന്നദ്ധ സേവനമെന്ന നിലയ്ക്കാണ് ഏറ്റെടുത്തത്. അതത് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും ആ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എൽ.സി, പ്ളസ്ടു പരീക്ഷ നടത്തുന്ന മുഴുവൻ സ്കൂളുകളുടെയും വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ ശേഖരിച്ചു കൊണ്ട് മെയ് 23, 24 തീയതികളിലായി മാസ്ക് വിതരണം പൂർത്തീകരിക്കാൻ ഇവർക്കു സാധിച്ചു. ഓരോ എഡിഎസ് ഭാരവാഹിക്കും തങ്ങളുടെ അയൽപക്ക പ്രദേശങ്ങളിലെ ഓരോ കുടുംബത്തെ കുറിച്ചും പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചും അറിവുണ്ടായിരുന്നതും മാസ്ക് വിതരണം എളുപ്പമാക്കി. ഇതിന് അതത് പ്രദേശത്തെ വാർഡു മെമ്പർമാരുടെ സഹായവും ഇവർക്ക് ലഭിച്ചു. കോഴിക്കോട്, കാസർകോട് ജില്ലകളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും മാസ്കുകൾ ലഭ്യമാക്കാൻ കുടുംബശ്രീ വനിതകൾക്ക് സാധിച്ചു. തികയാതെ വന്ന മാസ്കുകൾ കുടുംബശ്രീ തയ്യൽ യൂണിറ്റുകൾ വഴി തയ്യാറാക്കി നൽകുന്നതിനും കഴിഞ്ഞു.